വേനൽ മഴക്കെടുതിമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്കും അർഹമായ നഷ്ടപരിഹാരം

168 (7138) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വേനൽമഴക്കെടുതിയിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പ്രകൃതിക്ഷോഭത്തിൽ കൃഷിനശിച്ചവർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആകെ എത്ര രൂപ സംസ്ഥാനത്ത് നൽകിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കാലവർഷം - ദുരന്ത സാധ്യതാ സ്ഥലങ്ങൾ

170 (7139) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലവർഷംമൂലം ദുരന്തങ്ങൾ സംഭവിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ നിർണ്ണയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം സ്ഥലങ്ങളിൽ എടുത്ത മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ ഏതെല്ലാം ജില്ലയിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നിർണ്ണയിച്ചിട്ടുണ്ട്.

(ബി) 2014-ലെ കാലവർഷത്തിനുമുന്നോടിയായി സ്വീകരിച്ച മുൻകരുതലുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കാലവർഷാത്താടനുബന്ധിച്ച് ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ എല്ലാ ജില്ലകളിലുമുണ്ട്.

കടൽക്ഷോഭംമൂലമുള്ള നാശനഷ്ടം

171 (T7140) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കാലവർഷത്തോടൊപ്പം തുടങ്ങിയ അതിരൂക്ഷമായ കടൽക്ഷോഭംമൂലം പൊന്നാനി അടക്കമുള്ള തീരദേശ മണ്ഡലങ്ങളിൽ വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടലാക്രമണ ഭീഷണി നേരിടുന്ന ആയിരക്കണക്കിന് വീടുകൾ സംരക്ഷിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ;

(സി) പതിറ്റാണ്ടുകളായി കരമടച്ചുകൊണ്ടിരിക്കുന്ന ഈ വസ്തു സംരക്ഷിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി വകുപ്പുതല ഫണ്ടുകൾ അനുവദിക്കുന്നതിന് കാത്തുനിൽക്കാതെ പ്രത്യേക ഫണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കടൽഭിത്തിയില്ലാത്ത തീരങ്ങളിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കാനുള്ള അടിയന്തര നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കാലവർഷക്കെടുതിമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ആശ്വാസധനസഹായം അനുവദിക്കുന്നുണ്ട്. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡ പ്രകാരം പ്രകൃതിദുരന്തങ്ങളുടെ പട്ടികയിൽ കടൽക്ഷോഭം/കടലാക്രമണം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കടൽഭിത്തി നിർമ്മാണത്തിന് ഈ തുക ഉപയോഗിക്കുവാൻ നിർവ്വാഹമില്ല.

മുടാടി പഞ്ചായത്തിൽ ഫർണ്ണിച്ചർ ഫണ്ട് റോഡുകൾക്ക് ഭരണാനുമതി

172 (7141) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മുടാടി പഞ്ചായത്തിലെ ഫർണ്ണിച്ചർ ഫണ്ടിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ എ. എസ്. ഭേദഗതി വരുത്തുന്നതിന് നിയമസഭ സാമാജികൻ മുഖേന 30-10-2013-ന് സമർപ്പിക്കപ്പെട്ട അപേക്ഷയിൽ (61041/13) ഇതുവരെ നടപടികൾ ആയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച 2706/13/വി. ഐ. പി./എം. ആർ. സി. തീയതി 6-11-2013 ഉത്തരവ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ ലഭിച്ചത് എന്നാണ് എന്നും പ്രസ്തുത നിർദ്ദേശം ലഭിച്ച് ഇന്നേ തീയതിയ്ക്ക് എത്ര മാസമായി എന്നും വിശദമാക്കാമോ ; ഈ കാലയളവിൽ പ്രസ്തുത ഫയലിൽ നടപടികൾ പൂർത്തിയാവാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ;

(സി) ഈ ഫയലിൽ നടപടി തീർപ്പാക്കി എന്നത്തേക്ക് ഉത്തരവുകൾ പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly